സെക്രട്ടറി സൈറ്റ് പ്ലാൻ അംഗീകരിക്കുകയോ/നിരസിക്കുകയോ ചെയ്യേണ്ടതാണ്. ഈ വ്യവസ്ഥ കൃത്യമായി പാലിക്കുന്നതിന് നിർദ്ദേശങ്ങൾ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ഡി-എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) അതാതു സമയത്ത് പ്രാബല്യത്തിലുള്ള ചട്ടങ്ങൾ/നിയമങ്ങൾ പ്രകാരമാണ് കെട്ടിട നിർമ്മാണ അപേക്ഷകൾ പരിഗണിക്കുന്നതും, പെർമിറ്റ് നൽകുന്നതിന് തീരുമാനം സ്വീകരിക്കുന്നതും, പെർമിറ്റ് നൽകുന്ന സമയത്തുള്ള നിയമങ്ങളും/ചട്ടങ്ങളും പെർമിറ്റ് നൽകുമ്പോൾ ബാധകമാണ്.

കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി

128 (4751) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരാതികൾ ലഭിച്ചില്ലെങ്കിലും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നത് കണ്ടെത്താനും കർശന നടപടി സ്വീകരിക്കുന്നതിനും താലൂക്ക് തലത്തിൽ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ ;

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുടെ പേരിൽ കഴിഞ്ഞ ഒരു വർഷം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര പരാതികൾക്ക് നടപടി സ്വീകരിച്ചു ; നടപടിക്ക് വിധേയരായവരുടെ പേര് വിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തി ഉടനടി നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്ക്വാഡുകൾ രൂപീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 157 പ്രകാരം അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിന് ജില്ലാ തലത്തിൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

കുറുവ പഞ്ചായത്തിൽ കെട്ടിട നമ്പർ ലഭിക്കുന്നതിനായി അപേക്ഷ

129 (4752) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിക്കുന്നതിനുവേണ്ടി ശ്രീ. പള്ളിപ്പറമ്പൻ ഹനീഫ എന്ന ആളിൽ നിന്നുള്ള അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത അപേക്ഷയിന്മേൽ റിപ്പോർട്ട് ലഭിക്കുന്നതിനുവേണ്ടി കുറുവ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് അയച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ എന്നാണ് അയച്ചത് എന്നും അതിനുള്ള മറുപടി എന്നാണ് സർക്കാരിന് ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 20-11-2009-ൽ റിപ്പോർട്ടിനായി അയച്ച കത്തിന്, നിലവിലുള്ള ചട്ടം ലംഘിച്ച് നിർമ്മിച്ച കെട്ടിടമായതിനാൽ പ്രസ്തുത കെട്ടിടത്തിന് കെട്ടിട നമ്പർ നൽകുവാൻ സാധിക്കാതെ വന്നിരിക്കുന്നു എന്ന മറുപടി 15-12-2009-ലെ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയിൽനിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

സൗപർണ്ണിക ഇൻ എന്ന ബാർഹോട്ടലിന് കെട്ടിടനിർമ്മാണത്തിന് അനുമതി

130 (4753) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പുത്തനത്താണിയിൽ പ്രവർത്തിക്കുന്ന സൗപർണ്ണിക ഇൻ എന്ന ബാർ ഹോട്ടലിന് ആതവനാട് ഗ്രാമ പഞ്ചായത്ത് കെട്ടിട നിർമ്മാണാനുമതി നൽകിയത് എന്നാണ് ;

(ബി) ത്രീസ്റ്റാർ ഹോട്ടൽ പ്രവർത്തിപ്പിക്കാനുള്ള മലിനജല സംസ്കരണ മടക്കം എല്ലാ വ്യവസ്ഥകളും പാലിച്ചുവെന്ന് ഉറപ്പ് വരുത്തിയ ശേഷമാണോ ഈ ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് പഞ്ചായത്ത് നമ്പർ നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) എന്നാണ് ഈ ഹോട്ടലിന് കെട്ടിട നമ്പർ പഞ്ചായത്ത് നൽകിയത് എന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത കെട്ടിടത്തിൽ റെസ്റ്റോറന്റ് ആരംഭിക്കാനുള്ള ലൈസൻസ് ഗ്രാമപഞ്ചായത്ത് എന്നാണ് നൽകിയത് ?

ഉത്തരം

(എ) 25-10-2007 തീയതിയിലാണ് ആതവനാട് ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണാനുമതി നൽകിയത്.

(ബി) ഇല്ല. മലിനജല സംസ്ക്കരണ സംവിധാനത്തിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. അഗ്നിശമന വിഭാഗം മേധാവിയുടെ അനുമതിയും വാങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly